# CORPORATION OF THRISSUR



**e-News letter**

**Vol: 2, April 2016**


## Editorial Board

Sri.Varghese Kandamkulathy,Dy Mayor, Thrissur Corporation
Adv.M P Sreenivasan,Public works standing committee chairman, Thrissur Corporation
Sri.K M Basheer,Secretary,Thrissur Corporation
Sri.V.K.Unnikrishnan,Council secretary,Thrissur Corporation
Sri.Praseed,PA to Mayor,Thrissur Corporation
Sri Suraj R S,Overseer,Thrissur Corporation



# സന്ദേശം

ഭൂപ്രകൃതിയാൽ അനുഗൃഹീതവും ഭൗതിക പശ്ചാത്തല നന്മകളും ഇഴുകിച്ചേർന്നിരിക്കുന്ന ഒരു ഭൂപ്രദേശമെന്ന നിലയിൽ തൃശൂർ കോർപ്പറേഷന് ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അപേക്ഷിച്ച് പ്രത്യേക പ്രാധാന്യമുണ്ട്. ഈയൊരു കാഴ്ചപ്പാടിൽ നിന്നുകൊണ്ട് പാർശ്വവൽക്കരിക്ക പ്പെട്ട ജനവിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതുൾപ്പെടെയുള്ള ജനോപകാരപ്രദമായ വികസനോന്മുഖ കാഴ്ചപ്പാടിലൂന്നിക്കൊണ്ടുള്ള പദ്ധതിപ്രവർത്തനങ്ങളെ ഏകോ പിപ്പിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. തദ്ദേശ സ്വയംഭരണ മേഖലയിൽ ഊർജ്ജവിതരണത്തിന്റെ ചുമതലയുള്ള ഏക സ്ഥാപനമെന്ന നിലയിൽ വൈദ്യുതോർജ്ജ വിതരണം മാതൃകാപരമായ രീതിയിൽ നിർവ്വഹിക്കുന്നതിന് തൃശൂർ നഗരസഭ ഊന്നൽ നൽകുന്നു. കോൾനിലങ്ങളാൽ ചുറ്റപ്പെട്ട കോർപ്പറേഷൻ കാർഷികോൽപാദനത്തിലൂന്നിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് പ്രഥമ പരിഗണന നൽകുന്നു. ഒപ്പം ജലസാക്ഷരത വഴി ജലോപയോഗത്തിന്റേയും ജലമാനേജ്മെന്റിന്റേയും പ്രാധാന്യം ജനങ്ങളെ വിളിച്ചറിയിക്കുന്നു. കോർപ്പറേഷൻ പരിധിയിലുള്ള ജലസ്രോതസ്സുകളെ ഉൾപ്പെടുത്തി ടൂറിസം പ്രൊമോഷനും നാടൻ കാർഷികോൽപന്നങ്ങൾക്ക് പ്രാദേശികതല വിപണിയൊരുക്കി നാടൻ കൃഷിരീതികളുടെ പ്രോത്സാഹനത്തിനും വഴിയൊരുക്കുന്നു.

ശാസ്ത്രീയവും വികേന്ദ്രീകൃതവുമായ മാലിന്യ സംസ്ക്കരണം, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ മേഖല കളിലെ സമഗ്രമായ വികസനം, ജനസൗഹൃദമായിട്ടുള്ള സേവനങ്ങൾ, മെച്ചപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾ, സ്ക്കൂൾ-ആശുപത്രി മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനം, ഭിന്നശേഷിയുള്ളവർക്ക് പ്രത്യേകപരിശീലന പരിപാടികൾ, പട്ടികജാതി ക്ഷേമ മേഖലയിലെ സമഗ്ര വികസനം, കുടുംബശ്രീ പ്രവർത്തനത്തിലൂന്നിയുള്ള സ്ത്രീ ശാക്തീകരണം, വിവിധ നികുതി അടവാക്കുന്നതടക്കമുള്ള എല്ലാ മേഖലകളിലും ഓൺലൈൻ സംവിധാനം ഒരുക്കൽ തുടങ്ങി തൃശൂർ നഗരസഭയുടെ എല്ലാ വികസന പ്രവർത്തനങ്ങളും ജനക്ഷേമ പ്രവർത്തനങ്ങളും യഥാസമയം ജനങ്ങളിലേയ്ക്കെത്തിക്കുന്നതിനായി ഒരു ഇലക്ട്രോണിക് ന്യൂസ് ലെറ്റർ കോർപ്പറേഷൻ പ്രസിദ്ധീകരണമാരംഭിക്കുന്നു.

ജനങ്ങളുമായി നിരന്തരം ബന്ധപ്പെടുന്നതിനും സുഗമമായ ആശയവിനിമയം സാധ്യമാക്കുന്നതിനും കോർപ്പറേഷന്റെ ഈ നൂതനസംരംഭം എല്ലാ ജനവിഭാഗങ്ങൾക്കും ഉപയുക്തമാവട്ടെ എന്ന ആഗ്രഹത്തോടെ ഈ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**അജിത ജയരാജൻ**

**മേയർ**

**തൃശൂർ കോർപ്പറേഷൻ**



# ആമുഖം

സാംസ്കാരിക കേരളത്തിന്റെ തലസ്ഥാനമാണ് തൃശൂർ. തൃശൂർ കോർപ്പറേഷൻ രൂപീകൃതമായത് 2000ത്തിലാണ്. സാംസ്കാരിക നഗരി എന്ന നിലയിൽ തൃശൂർ അതിന്റെ പെരുമ വിളംബരം ചെയ്യുമ്പോൾ നഗരസഭയുടെ ഉത്തരവാദിത്വവും വർദ്ധിക്കുകയാണ്. പ്രബുദ്ധരായ നഗരവാസികൾക്ക് ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ നാം ഒരുക്കേണ്ടതുണ്ട്. തൃശൂരിന്റെ വികസനത്തിന് ഉണർവേകുന്ന നിരവധി നടപടികൾക്ക് തുടക്കം കുറിക്കാൻ സാധിച്ചു എന്നത് ഈ കൗൺസിലിന്റെ എടുത്തുപറയാവുന്ന നേട്ടങ്ങളിൽ ഒന്നാണ്. നഗരസഭയുടെ പ്രവർത്തനങ്ങളും പുതിയ സംരംഭങ്ങളും ജനങ്ങളിലേക്കെത്തിക്കു ന്നതിനായി തുടങ്ങിയിട്ടുള്ള ഇ–ന്യൂസ് ലെറ്റർ, അമൃത് പദ്ധതിയുടെ റിഫോംസിന്റെ ഭാഗമായി വീണ്ടും പ്രസിദ്ധീകരിക്കാൻ തുടങ്ങിയിരിക്കുകയാണ്. നഗരസഭയുടെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവും ആക്കുന്നതിനും അതുവഴി നഗരസഭയും ജനങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ സുദൃഢമാക്കുന്നതിനും ഇതിലൂടെ സാധിക്കുന്നതാണ്.

പുതിയ കൗൺസിൽ അധികാരമേറ്റതിനുശേഷം ചുരുങ്ങിയ സമയത്തിനുള്ളിൽ ഒട്ടേറെ പ്രവർത്തനങ്ങൾ തുടങ്ങിവെച്ചുകഴിഞ്ഞു. കോർപ്പറേഷന്റെ സ്വതന്ത്രവിഭവങ്ങളും സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ ഫണ്ടുകളും മറ്റു സാമ്പത്തിക സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടും ഉപയോഗപ്പെടുത്തി ജനാഭിലാഷം മനസ്സിലാക്കി ജനപങ്കാളിത്തത്തോടുകൂടി പുതിയ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്. പ്രഥമ പരിഗണന നൽകുന്നത് കുടിവെള്ളത്തിനാണ്. ഇതിനുവേണ്ടി നഗരസഭയിൽ കുടിവെള്ളത്തിനുമാത്രമായി ഒരു വാട്ടർ സെക്ഷൻ രൂപീകരിച്ചു കഴിഞ്ഞു. തൃശൂർ നഗരസഭയിലെ പലയിടങ്ങളിലും അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി വാട്ടർ സ്കേഴ്സിറ്റി കമ്മറ്റി രൂപീകരിക്കു ന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇതോടൊപ്പം തന്നെ റോഡ് വികസനത്തിനും ഊന്നൽ കൊടുക്കുന്നു. ഇതിന്റെ ഭാഗമായി നഗരത്തിൽ പതിനൊന്ന് ഫ്ളൈഓവറുകൾ അടിയന്തിരമായി നിർമ്മിക്കുന്നതാണ്. മാലിന്യസംസ്കരണം മറ്റൊരു പ്രധാനപ്പെട്ട മേഖലയാണ്. ഈ മേഖലകളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു.

മറ്റു കോർപ്പറേഷനുകളെ അപേക്ഷിച്ച് പ്ലാൻ ഫണ്ടിന്റെ 75% ചെലവഴിച്ച് തൃശൂർ കോർപ്പറേഷൻ മുന്നിട്ട് നിൽക്കുന്നു. (കൊല്ലം കോർപ്പറേഷൻ – 74%, കൊച്ചി കോർപ്പറേഷൻ – 70.4%, കണ്ണൂർ കോർപ്പറേഷൻ – 61%, കോഴിക്കോട് കോർപ്പറേഷൻ – 43.22%, തിരുവനന്തപുരം കോർപ്പറേഷൻ – 40%) വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുമ്പോഴും സാധാരണ ക്കാർക്ക് എന്നും താങ്ങും തണലുമായി നിൽക്കാനും ഈ കൗൺസിൽ അതീവ ശ്രദ്ധ പുലർത്തുന്നതാണ്. അക്ഷീണമായ പരിശ്രമത്തിലൂടെ തൃശൂരിന്റെ സമഗ്രവികസനത്തിനുത കുന്ന പദ്ധതികളും പരിപാടികളും പൂർണതയിലേക്ക് എത്തിക്കാനും അതുവഴി വികസനക്കുതിപ്പിലൂടെ തൃശൂരിനെ ഇന്ത്യയിലെ പ്രധാന നഗരകേന്ദ്രങ്ങളിലൊന്നായി മാറ്റാനും നമുക്ക് യത്നിക്കാം.

**വർഗ്ഗീസ് കണ്ടംകുളത്തി**

**ഡെപ്യൂട്ടി മേയർ**

**ചെയർമാൻ**

**എഡിറ്റോറിയൽ ബോർഡ്**



## നഗരവികസനത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ

ഭൂവിസ്തൃതികുറവും ജനസാന്ദ്രത കൂടിയതുമായ സംസ്ഥാനമാണ് കേരളം. അതുകൊണ്ടു തന്നെ നഗരവികസനത്തിൽ പ്രത്യേക മാനദണ്ഡങ്ങൾ കേരളത്തിന്റെ കാര്യത്തിൽ അനുവർത്തിക്കേണ്ടത് ആവശ്യമാണ്. വിദ്യാഭ്യാസത്തിലും ആരോഗ്യ രംഗത്തും മുന്നിട്ടു നിൽക്കുന്ന കേരളത്തിലെ ഗ്രാമങ്ങൾ പോലും നഗരവത്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സവിശേഷ സാഹചര്യത്തിൽ സമഗ്ര വികസനം ലക്ഷ്യം വെച്ചുകൊണ്ടുള്ള നയപരിപാടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത്.

ശുദ്ധമായ കുടിവെള്ളം, മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ, മാലിന്യ സംസ്ക്കരണത്തിനുള്ള നൂതന സൗകര്യങ്ങൾ, സിവറേജ് ട്രീറ്റ്മെന്റിനുള്ള പദ്ധതികൾ, ജനങ്ങൾക്ക് ഒത്തുചേരാനുള്ള പൊതുഇടങ്ങളുടെ വികസനം എന്നിവയിൽ ഊന്നിക്കൊണ്ടുള്ള സമഗ്രവികസനത്തിനായിരിക്കണം ഓരോ നഗരങ്ങളും പ്രാധാന്യം നൽകേണ്ടത്. ഈ മേഖലകളിൽ ആശാവഹമായ പുരോഗതി കൈവരിക്കാൻ കേരളത്തിലെ നഗരങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

നഗരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ജനക്ഷേമകരമായ രീതിയിൽ വികസിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നത് ഒരു വസ്തുതയാണ്. ഈ പോരായ്മകൾക്കുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണ്? ആവശ്യത്തിനുള്ള ഫണ്ട് ലഭിക്കാത്തതാണ് സൗകര്യങ്ങൾ വികസിപ്പിക്കാൻ കഴിയാത്തതിന് കാരണം എന്ന് പൊതുവെ പറയാറുണ്ട്. എന്നാൽ വാസ്തവം അതല്ല. കേരളത്തിന്റെ വികസന ചരിത്രം പരിശോധിച്ചാൽ ഫണ്ട് ലഭ്യതയില്ലായ്മയല്ല പ്രശ്നങ്ങൾക്ക് കാരണമെന്ന് മനസ്സിലാകും. നഗരവികസനത്തിൽ ഏകോപിതമായ സമീപനം ഇന്ന് ഇല്ല. കേന്ദ്ര–സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ നഗരസഭകളുടെ സവിശേഷ സാഹചര്യങ്ങൾക്ക് ഇണങ്ങുന്നതാണോ എന്ന് പരിശോധിക്കപ്പെടുന്നില്ല. കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പദ്ധതികളും വികേന്ദ്രീകൃതാസൂത്രണ പദ്ധതികളും എം.പി., എം.എൽ.എ. എന്നിവരുടെ പ്രാദേശിക വികസന പദ്ധതികളും പലപ്പോഴും സമാന്തരമായി നീങ്ങുന്ന കാഴ്ചയാണ് നാം കാണുന്നത്.

നഗരങ്ങളെ സംബന്ധിച്ചുള്ള സമഗ്ര വികസന പദ്ധതികൾ നഗരസഭകൾ തയ്യാറാക്കുകയും ആയതുപ്രകാരമുള്ള വികസന പദ്ധതികൾക്കായുള്ള ഫണ്ടുകൾ നഗരസഭകൾക്ക് വിവിധ ഏജൻസികൾ നൽകുകയും വേണം. അങ്ങനെ വന്നാൽ ഓരോ നഗത്തിന്റേയും പ്രത്യേകതകൾക്ക് അനുസരിച്ചുള്ള പദ്ധതികൾക്ക് രൂപം നൽകാൻ നഗരസഭകൾക്ക് കഴിയും. വിവിധ പദ്ധതികളുടെ ആവർത്തനം ഒഴിവാക്കാൻ ഇതുവഴി കഴിയും.

നഗരസഭകളുടെ നിലവിലുള്ള മാനവ വിഭവശേഷി സമഗ്ര വികസനം നടപ്പിലാക്കാൻ പര്യാപ്തമാണോ എന്ന് പലരും സംശയം ഉന്നയിക്കാറുണ്ട്. നഗരവികസനം ലക്ഷ്യം വച്ച് കേരളത്തിലെ എല്ലാ നഗരസഭകൾക്കും ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള വിദഗ്ദരുടെ സേവനം നഗരസഭകൾക്ക് നൽകിയാൽ നഗരവികസനം കാര്യക്ഷമമായി നടപ്പിലാക്കാൻ നഗരസഭകൾക്ക് കഴിയും.

ഈ ദിശയിലുള്ള മാറ്റമാണ് കേരളത്തിൽ വേണ്ടത്. എല്ലാവരുടേയും സഹകരണം ഇതിനാവശ്യമാണ്.

**കെ.എം.ബഷീർ**
**സെക്രട്ടറി**
**തൃശൂർ കോർപ്പറേഷൻ**

## ദേശീയ നഗര ഉപജീവന ദൗത്യം (NULM)

ദേശീയ നഗര ഉപജീവന ദൗത്യം (National Urban Lively hood Mission) തൃശ്ശൂർ കോർപ്പറേഷനിൽ പ്രവർത്തനം തുടങ്ങിയിട്ട് 9 മാസം പിന്നിട്ടു. കോർപ്പറേഷന്റെ 55 ഡിവിഷനുകളിലായി ജീവിക്കുന്ന നഗര ദരിദ്രരാണ് ഈ നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിയുടെ ഗുണഭോക്താക്കൾ. 2015-16 പദ്ധതിക്കാലത്ത് അനുവദിക്കപ്പെട്ട തുകയുടെ 65% തുകയും ചെലവഴിക്കപ്പെട്ടിട്ടുണ്ട്. പദ്ധതി വിജയിപ്പിക്കുന്നതിൽ നിർണ്ണായക പങ്കു വഹിക്കുന്നത് Resource Organisation ആയി പ്രവർത്തിക്കുന്ന കുടുംബശ്രീ സി.ഡി.എസുകളും 55 ഏരിയ ലെവൽ ഫെഡറേഷനുകളുമാണ്. ഈ പദ്ധതിയുടെ അടിസ്ഥാന ഘടകങ്ങൾ താഴെ പറയുന്നു.

1). സാമൂഹ്യ സംഘടനയും സ്ഥാപന വികസനവും.
   1. സാമൂഹ്യ സ്ഥാപനങ്ങളുടെ രൂപീകരണം – സ്വയം സഹായ സംഘങ്ങളും അവയുടെ ഫെഡറേഷനുകളും.
   2.സാർവ്വത്രികമായ ധനകാര്യ ഉൾചേർക്കൽ
   3.സ്വയം സഹായ സംഘങ്ങൾക്കും അവയുടെ ഫെഡറേഷനുകൾക്കും റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കൽ .
   4.നഗര ഉപജീവന കേന്ദ്രങ്ങൾ
   5.പരിശീലനങ്ങൾ

2). നൈപുണ്യ പരിശീലനവും തൊഴിലവസരങ്ങൾ ഉറപ്പാക്കൽ.
3). സ്വയം തൊഴിൽ പദ്ധതി
4). നഗരങ്ങളിലെ തെരുവ് കച്ചവടക്കാർക്കുള്ള സഹായ പദ്ധതികൾ
5). നഗരത്തിലെ ഭവന രഹിതർക്കുള്ള പാർപ്പിട പദ്ധതി.



ESTP Sensitization Programme (NULM) - Inauguration by Smt. Ajitha Jayarajan, Hon. Mayor, Thrissur Corporation


ESTP Sensitization Programme (NULM)

### NULM പദ്ധതി ഒറ്റനോട്ടത്തിൽ

| ഇനം | എണ്ണം | തുക |
|---|---|---|
| ബാങ്ക് ലിങ്കേജ് വായ്പ | 104 | 22500000 രൂപ |
| സ്വയംതൊഴിൽ വായ്പകൾ സ്വീകരിച്ചത് | 52 | |
| റിവോൾവിംഗ് ഫണ്ട് സ്വീകരിച്ച അയൽകൂട്ടങ്ങൾ | 214 | 2140000 രൂപ |
| ഏരിയ ലെവൽ ഫെഡറേഷനുകൾ | 50 | 2500000 രൂപ |
| സർവ്വെ ചെയ്ത തെരുവ് കച്ചവടക്കാർ | 714 | |
| ഫിനാൻഷ്യൽ ലിറ്ററസി ക്യാമ്പയിനുകൾ | 8 | |
| തൊഴിൽ പരിശീലനത്തിനായി ലഭിച്ച അപേക്ഷകൾ | 1750 | |
| ESTP ഒറിയേന്റേഷൻ പ്രോഗ്രാമിൽ പങ്കെടുത്തവർ | 450 | |
| കോഴ്സ് തെരഞ്ഞെടുത്തവർ | 400 | |
| പുതിയ അയൽ കൂട്ടങ്ങൾ രൂപീകരിച്ചത് | 64 | |
| കമ്മ്യൂണിറ്റി ഓർഗനൈസർമാർ സന്ദർശിച്ച അയൽകൂട്ടങ്ങൾ | 92 | |
| ഏരിയ ലെവൽ ഫെഡറേഷനുകൾ | 44 | |
| | | |

തൃശ്ശൂർ കോർപ്പറേഷൻ സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റിൽ പ്രവർത്തിക്കുന്ന ടീം അംഗങ്ങൾ.

| | | |
|---|---|---|
| രഞ്ജിത് പി.സി | – | മാനേജർ |
| ആന്റണി വി.ഒ. | – | മാനേജർ |
| ലിപ്സൺ.പി.പി. | – | മാനേജർ |
| ഡെല്ല തോമസ് | – | കമ്മ്യൂണിറ്റി ഓർഗനൈസർ |
| സംഗീത സണ്ണി | – | കമ്മ്യൂണിറ്റി ഓർഗനൈസർ |

## അമൃത് (AMRUT)

കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ് അമൃത് (AMRUT) എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന അടൽ മിഷൻ ഫോർ റിജ്യുവിനേഷൻ & അർബൻ ട്രാൻസ്ഫോർമേഷൻ എന്ന പദ്ധതി. ഒരു ലക്ഷത്തിൽ കുറയാത്ത ജനസംഖ്യയുള്ള 500 നഗരങ്ങളുടെ അടിസ്ഥാന സൗകര്യം ലക്ഷ്യമിട്ട് 2015 ജൂണിൽ ആരംഭം കുറിച്ച ഈ പദ്ധതി പ്രധാനമായും താഴെ പറയുന്ന അഞ്ച് മേഖലകൾക്കാണ് ഊന്നൽ നൽകുന്നത്.

1. കുടിവെള്ള വിതരണം
2. സിവറേജ് & സെപ്റ്റേജ് സംവിധാനങ്ങൾ
3. ഡ്രെയിനേജ് സംവിധാനങ്ങൾ
4. നഗരഗതാഗത സൗകര്യങ്ങളുടെ വികസനം
5. പാർക്കുകളുടെയും ഹരിത ഇടങ്ങളുടെയും നിർമ്മാണം.



അമൃത് സംസ്ഥാനതല ഉൽഘാടനം ബഹു.മുഖ്യമന്ത്രി ശ്രീ ഉമ്മൻചാണ്ടി നിർവഹിക്കുന്നു



അമൃത് സംസ്ഥാനതല ഉൽഘാടന വേദിയി ൽ ബഹു.തൃശ്ശൂർ കോ ർപ്പറേഷ ൻ മേയർ ശ്രീമതി അജിത ജയരാജ ൻ ആശംസക ൾ നേരുന്നു

നഗരസഭകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും സാമൂഹിക പരിഷ്ക്കരണ നടപടികളുടെ ആക്കം വർദ്ധിപ്പിക്കുന്നതിനുമുള്ള പരിപാടികൾക്കും ഈ പദ്ധതിയിൻ കീഴിൽ കേന്ദ്ര സഹായം ലഭ്യമാകും.

കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിങ്ങനെ 9 നഗരങ്ങളെയാണ് അമൃത് പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2015–16 മുതൽ അഞ്ചുവർഷമാണ് പദ്ധതി കാലയളവ്. ടി പദ്ധതിയുടെ 50 % തുക കേന്ദ്ര ധനസഹായമാണ്. ശേഷിക്കുന്ന തുക സംസ്ഥാനവും നഗരസഭകളുമാണ് വഹിക്കേണ്ടത്.

അമൃത് പദ്ധതിയുടെ നിർവഹണ പ്രക്രിയയിലെ ഒന്നാം ഘട്ടമായി സർവ്വീസ് ലെവൽ ഇംപ്രൂവ്മെന്റ് പ്ലാൻ (SLIP) തയ്യാറാക്കി സമർപ്പിക്കുകയും അതു പ്രകാരം കേരളത്തിലെ 9 നഗരങ്ങളുടെ SLIP കൾ ക്രോഡീകരിച്ച് സംസ്ഥാനതലത്തിൽ ഒരു ആനുവൽ ആക്ഷൻ പ്ലാൻ (SAAP) തയ്യാറാക്കുകയും ആയത് കേന്ദ്രനഗര വികസന മന്ത്രാലയം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

അമൃത് പദ്ധതിയുടെ സംസ്ഥാനതല മോണിട്ടറിംഗിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഹൈപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ

പദ്ധതികളുടെ സാങ്കേതിക പരിശോധനകൾക്കും അനുമതികൾക്കും ഒരു സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിയും ഉണ്ട്.

SLIP പ്രകാരം നൽകിയിട്ടുള്ള പദ്ധതി ഘടകങ്ങളും തുകയും.

1. Water supply - 206.65 Crore
2. Sewerage and septage management - 120 Crore
3. Storm water drainage - 100 Crore
4. Urban Transport - 34 Crore
5. Green space and parks - 6 Crore

----------

ആകെ 466.65 കോടി രൂപ

തൃശൂർ നഗരത്തിനു വേണ്ടി SAAP 2015-16 പ്രകാരം ഓരോ സെക്റ്ററിനും അനുവദിച്ചിട്ടുള്ള ഫണ്ട്.

1. Water supply - 38.72 Crore
2. Sewerage & septage management - 11.00 Crore
3. Drainage - 15.22 Crore
4. Urban Transport - 5.18 Crore
5. Green space and parks - 0.91 Crore

----------

ആകെ 71.03 കോടി രൂപ

തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതികൾ നടപ്പിലാക്കി മിഷൻ പ്രദേശങ്ങളിലെ ഭൗതിക സാമൂഹിക സാഹചര്യങ്ങൾ മികവുറ്റതാക്കാനും ഇതിലൂടെ നഗരങ്ങളെ കൂടുതൽ ജനസൗഹൃദമാക്കാനും അമൃത് പദ്ധതി ലക്ഷ്യമിടുന്നു.

## *പ്രധാനമന്ത്രി ആവാസ് യോജന*

ഭാരതത്തിന്റെ 75 -ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന 2022 ൽ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുമായി യോജിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന. ആദ്യ പടിയായി ഈ പദ്ധതി കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 14 നഗരസഭകളിലാണ് നടപ്പിലാക്കിവരുന്നത്. ഇതിൽ തൃശ്ശൂർ കോർപ്പറേഷനും ഉൾപ്പെട്ടിട്ടുണ്ട്. 4 വ്യത്യസ്തങ്ങളായ ഘടകങ്ങളെ സംയോജിപ്പിച്ചു കൊണ്ടാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

ചേരി വികസനം:- 60-70 കുടുംബങ്ങൾ ഉള്ള ചേരിയിലുള്ളവർക്ക് പ്രസ്തുത ചേരിയിൽ തന്നെ ഭവനം നിർമ്മിച്ചു നൽകൽ.

ക്രഡിറ്റ് ലിങ്ക്സ് സബ്സിഡി:- താഴ്ന്ന വരുമാനമുള്ളവർക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും ഭവന നിർമ്മാണത്തിനായി/ ഭവനം വാങ്ങുന്നതിനായി / ഭവനത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിനായി ബാങ്കിൽ നിന്നും പരമാവധി 6 ലക്ഷം രൂപ വരെ കമ്പോള നിരക്കിലെ പലിശയിൽ നിന്നും 6.5% കുറഞ്ഞ നിരക്കിൽ വായ്പയായി നൽകൽ.

അഫോർഡബിൾ ഹൗസിംഗ് സ്കീം:- കുറഞ്ഞ നിരക്കിൽ വീടുകൾ ലഭ്യമാക്കി ആയത് വാങ്ങുന്നതിനുള്ള പദ്ധതി.

വ്യക്തിഗത ഭവന നിർമ്മാണത്തിനുള്ള ധനസഹായം:- സ്വന്തമായി സ്ഥലമുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന് / പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്ന പദ്ധതി.

ഒന്നാമത്തെ ഘടകമായ ചേരി വികസം ഒഴിച്ചുള്ള 3 ഘടകങ്ങളാണ് തൃശ്ശൂർ കോർപ്പറേഷനിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. രണ്ടാമത്തെ ഘടകമായ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡിയിലേക്ക് 700 ഗുണഭോക്താക്കളെയും മൂന്നാമത്തെ ഘടകമായ

അഫോർഡബിൾ ഹൗസിംഗ് സ്കീമിൽ 2260 ഗുണഭോക്താക്കളും വ്യക്തിഗത ഭവന നിർമ്മാണത്തിന് 1653 ഗുണഭോക്താക്കളുമാണ് ഉള്ളത്. ഇതിന് സംസ്ഥാന ഗവൺമെന്റിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ച് പദ്ധതി നടത്തിപ്പിനുള്ള തുക ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി തൃശ്ശൂർ കോർപ്പറേഷനിൽ ആരംഭിക്കാവുന്നതാണ്. അടുത്ത രണ്ട് വർഷം കൊണ്ട് 4613 പേർക്ക് ഭവനം നിർമ്മിച്ചു നൽകാനാണ് ലക്ഷ്യമിടുന്നത്.



Training for surveyors for PMAY Project - Corporation Secretary Sri.K M Basheer



PMAY Project approval by council

## Standing Committees

| Standing Committee Name | Name of chairman | Contact Number |
|---|---|---|
| **Finance Standing Committee** | VARGHESE KANDAMKULATHY | **9447154997** |
| **Development Standing Committee** | AJITHA VIJAYAN | **9446722701** |
| **Welfare Standing Committee** | JACOB PULIKOTTIL | **9847749871** |
| **Health & Education Standing Committee** | M L ROSY | **9495226006** |
| **Public Works Standing Committee** | ADV M P SRINIVASAN | **9995143778** |
| **Town Planning Standing Committee** | M R ROSILY | **9747438625** |
| **Tax Appeal Standing Committee** | P SUKUMARAN | **9847490797** |
| **Education & Sports Standing Committee** | VALSALA BABURAJ | **9400763862** |

******